LIBRARY ARCHIVES Kerala Legislative Assembly

സഹകരണ വകുപ്പും കേസുകളും

94 (2332) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെയും സഹകരണ രജിസ്ട്രാറിന്റെയും നടപടികളെ ചോദ്യം ചെയ്തുകൊണ്ടുള്ള എത്ര പെറ്റീഷനുകൾ കേരള ഹൈക്കോടതിയിൽ ഇപ്പോഴും പെൻഡിംഗിലായിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഹൈക്കോടതിയിൽ കെട്ടിക്കിടക്കുന്ന കേസുകളിൽ ഹിയറിംങ്ങ് പൂർത്തിയായിട്ടും വിധി പ്രസ്താവം പുറപ്പെടുവിച്ചിട്ടില്ലാത്തവ എത്രയാണ് ;

(സി) ജില്ലാ സഹകരണ ബാങ്കുകളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോടതിയിലെത്തിയ എത്ര കേസുകളിൽ ഇനിയും വിധി പ്രസ്താവം ബാക്കി നില്പുണ്ട് ; കേസുകൾ നീണ്ടുപോകുന്നതിൽ സർക്കാരിന്റെയും ഗവൺമെന്റ് പ്ലീഡർമാരുടെയും ഭാഗത്തുണ്ടായ വീഴ്ചകൾ പരിശോധിക്കാമോ ?

ഉത്തരം

(എ) 5122 കേസുകൾ.

(ബി) 18 കേസുകളിൽ വിധി പുറപ്പെടുവിച്ചിട്ടില്ല.

(സി) ജില്ലാ സഹകരണ ബാങ്കുകളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോടതിയിൽ 18 കേസുകൾ നിലവിലുണ്ട്. കേസുകൾ നീണ്ടുപോകുന്നതിൽ സർക്കാരിന്റെയും ഗവൺമെന്റ് പ്ലീഡർമാരുടെയും ഭാഗത്ത് വീഴ്ചകളൊന്നും ഉണ്ടായിട്ടില്ല.

ആർബിട്രേഷൻ കോടതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

95 (2333) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2011-ലെ കേരള കോ-ഓപ്പറേറ്റീവ് 2-ാം ഭേദഗതി ഓർഡിനൻസിലെ സഹകരണ 2-ാം ഭേദഗതി ഓർഡിനൻസിൽ (2011-ലെ 44-ാം നമ്പർ ഓർഡിനൻസ്) സഹകരണ മൂലനിയമത്തിലെ S.70(A) സബ് സെക്ഷൻ (2) പ്രകാരം കോ-ഓപ്പറേറ്റീവ് ആർബിട്രേഷൻ കോടതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൊണ്ടുവന്ന ഭേദഗതി നിലവിൽ വന്നിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ആർബിട്രേഷൻ കോടതികളുടെ നിലവാരം ഉയർത്തുന്നതിന് മേൽപ്പറഞ്ഞ ഭേദഗതി നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നിയമഭേദഗതി നടത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?